സുപ്രഭാതം 04 February 2022

# സി.എം.എഫ്.ആർ.ഐക്ക് 75 വയസ്

കൊച്ചി

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടിക്ക് തുടക്കമായി.

സി.എം.എഫ്.ആർ.ഐ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ ജെന മുഖ്യാതിഥിയായിരുന്നു.

സമുദ്രമേഖലയിലെമാറ്റങ്ങൾക്കനുസൃതമായി കാലാവസ്ഥാവ്യതിയാന പഠനം പോലുള്ളവയ്ക്ക് സി.എം.എഫ്.ആർ.ഐ ഊന്നൽനൽകുമെന്ന്ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു.

എഴുപത്തിയഞ്ചാം വാർഷികാഘോഷത്തിന്റെ ലോഗോയും തീം സോങ്ങും ചടങ്ങിൽ പ്രകാശനം ചെയ്തു.